സാംസ്ക്കാരിക നയം

15 (3654) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പുവർഷം മാനവീയം പരിപാടികൾക്ക് വേണ്ടി എന്ത് തുക കൂടി ചെലവഴിക്കുമെന്നാണ് കണക്കാക്കപ്പെടുന്നത് ;

(ബി) ഇപ്രകാരം സംഘടിപ്പിക്കപ്പെട്ട പരിപാടികൾ മൂലം ലക്ഷ്യമിട്ട എന്തെല്ലാം കാര്യങ്ങൾ നേടാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നടപ്പു സാമ്പത്തിക വർഷം ഉദ്ദേശം 2 ലക്ഷം രൂപ കൂടി ചെലവഴിക്കപ്പെടുമെന്ന് കണക്കാക്കുന്നു.

(ബി) പുതിയ സഹസ്രാബ്ദത്തെ വരവേൽക്കുന്നതിനും കലാ-സാംസ്ക്കാരിക രംഗത്ത് ജനങ്ങളിൽ ഒരു പുത്തൻ ഉണർവ് ഉണ്ടാക്കുന്നതിനും ലക്ഷ്യമിട്ടാണ് മാനവീയം സാംസ്ക്കാരിക മിഷൻ പരിപാടികൾ ആസൂത്രണം ചെയ്തത്. ഇതുവരെയുള്ള പ്രവർത്തനങ്ങളുടെ ഫലമായി കലാ-സാംസ്ക്കാരിക മേഖലകളിൽ കാര്യമായ ചലനം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

രാഷ്ട്രകവി ഗോവിന്ദപൈയുടെ സ്മാരകം

16 (3655) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രകവി ഗോവിന്ദപൈയുടെ ജന്മഗൃഹം സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ ;

(ബി) ഇതൊരു സ്മാരകമായി നിലനിർത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ ;

(സി) ഇവിടെ നിയമിക്കപ്പെട്ട ജീവനക്കാർ ശമ്പളം ലഭിക്കാത്തതിനാൽ പിരിഞ്ഞുപോയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ സ്ഥാപനത്തിന് ഗ്രാന്റ് അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ഈ സ്ഥാപനത്തിന് കർണ്ണാടക സർക്കാർ സാമ്പത്തിക സഹായം നല്കിയിട്ടുണ്ടോ ;

(എഫ്) സ്ഥാപനത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് എടുക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly